<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗങ്ങൾക്ക് അവരവരുടെ മുമ്പിലുള്ള ഡിവൈസിൽ ഈ സ്റ്റേറ്റ്മെന്റ് ലഭ്യമാണ്. വായിക്കുന്ന മുറയ്ക്കാണ് അപ്‍ലോഡ് ചെയ്യുകൊണ്ടിരിക്കുന്നത്. പൂർണ്ണമായും ലഭ്യമാകും.

**അറിയിപ്പ്**

<u>കാര്യോപദേശക സമിതി റിപ്പോർട്ടിന്റെ ശിപാർശകളിലെ ഭേദഗതി</u>

നാളെ, 2021 ആഗസ്റ്റ് 5-ാം തീയതി, വ്യാഴാഴ്ച സഭ പരിഗണിക്കാനിരുന്ന XXXI- മൃഗസംരക്ഷണം, XXXII- ക്ഷീര വികസനം എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും ഒഴിവാക്കാനാകാത്ത ചില സാങ്കേതിക കാരണങ്ങളാൽ 2021, ആഗസ്റ്റ് 10-ാം തീയതി ചൊവ്വാഴ്ചയിലേയ്ക്ക് മാറ്റാൻ അനുവാദം നൽകണമെന്ന് ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി അഭ്യർത്ഥിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥന പരിഗണിച്ചുകൊണ്ടും 2021, ജൂലൈ 29-ാം തീയതി സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിൽ സഭയുടെ അനുമതിയോടെ ഭാഗികമായി ഭേദഗതി വരുത്തിക്കൊണ്ടും 2021,

ആഗസ്റ്റ് 5-ാം തീയതി സഭ പരിഗണിക്കാനിരുന്ന XXXI -മൃഗസംരക്ഷണം, XXXII -ക്ഷീര വികസനം എന്നീ ധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും 2021, ആഗസ്റ്റ് 10-ാം തീയതി ചൊവ്വാഴ്ചയിലേയ്ക്ക് മാറ്റിയിരിക്കുന്നു.